# 'അനന്തതയിലെ അനാവശ്യമായ അസ്വസ്ഥതയാണ് ജീവിതം'

**സിവിൽസർവ്വീസ്ഉദ്യോഗസ്ഥർക്കെതിരെ നിരവധി അഴിമതി ആരോപണങ്ങൾ മുൻപില്ലാത്ത വിധം ഉയർന്നു വരികയാണിപ്പോൾ. എന്തുകൊണ്ടാണിത്? ബ്യൂറോക്രസിയുടെ നിലവാരത്തകർച്ചയാണോ, പൊതുസമൂഹത്തിന്റെ നിലവാരമില്ലായ്മയാണോ കാരണം?**

സിവിൽ സർവ്വീസ് എന്നത് പൊതുസമൂഹത്തിൽ നിന്ന് വേറിട്ടു നിൽക്കുന്നതല്ല, സമൂഹത്തിന്റെ പരിച്ഛേദമാണ്. പൊതുവായ മൂല്യച്യുതിയുടെ പ്രതിഫലനം സിവിൽ സർവ്വീസിലുണ്ടായിട്ടുണ്ട്. 1967ന് ശേഷമാണ് പൊതുജീവിതത്തിൽ പൊതുവെ അപചയമുണ്ടായത്. രാഷ്ട്രീയത്തിൽ 'ആയാറാം ഗയാറാം' മുദ്രാവാക്യമുണ്ടായത് ഇതോടൊപ്പം ഓർക്കേണ്ടതാണ്.

രാഷ്ട്രീയത്തിലെ അപചയം 1980കളിൽ വ്യാപകമായി തുടങ്ങിയപ്പോൾ സിവിൽ സർവ്വീസിലേക്ക് വ്യാപകമായി പ്രതിഫലിച്ചത് 20 വർഷത്തിനുശേഷം ഇപ്പോഴാണെന്ന് മാത്രം.



**താങ്കൾ അഡീഷണൽ ചീഫ് സെക്രട്ടറി ആയിരുന്നപ്പോൾ അഴിമതിയുടെ തോത് എത്രത്തോളമായിരുന്നു? ഇപ്പോൾ ഇന്ത്യയൊട്ടാകെ പരിഗണിക്കുമ്പോൾ കേരളത്തിൽ എത്രമാത്രമുണ്ട്?**

തീർച്ചയായും അഴിമതി സിവിൽ സർവ്വീസിൽ വർദ്ധിച്ചിരിക്കുകയാണ്. വടക്കേ ഇന്ത്യയെ അപേക്ഷിച്ച് വൈകിയാണ് ഇവിടെ ബ്യൂറോക്രസിയിലെ നിലവാരത്തകർച്ച തുടങ്ങിയത്. നേരത്തെ പറഞ്ഞല്ലോ; പൊതുസമൂഹത്തിന്റെ നിലവാരത്തകർച്ചയിൽ നിന്ന് അതിനെ വേറിട്ട് കാണാനാകില്ല. വടക്കേ ഇന്ത്യയിലെ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഇപ്പോഴും അഴിമതിയിൽ പിന്നിലാണ്.

**കാരണം ?**

വിദ്യാഭ്യാസം, വായന, വിവരം, നിയമജ്ഞാനം, എന്നിവയിലെ അന്തരം തന്നെ. വിദ്യാഭ്യാസം വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതലാണ്. ധാരാളം പത്രങ്ങൾ സംസ്ഥാനത്ത് ഉണ്ട്. അവ വായിക്കുന്നവരും കൂടുതൽ. അഴിമതി നിയന്ത്രിക്കുന്നതിന് റൈറ്റ് ടു ഇൻഫർമേഷന് വലിയ പങ്കുണ്ട്. പക്ഷേ അവിടെയുള്ളവർക്ക് ഇവിടെയുള്ളവരുടെയത്ര വിവരമില്ല. വിവരമുണ്ടെങ്കിലല്ലേ വിവരാവകാശ നിയമത്തിൽ കാര്യമുള്ളൂ.

**ബ്യൂറോക്രസിയിൽ നിക്ഷ്പക്ഷതയെന്ന നിലപാട് പ്രായോഗികമാണോ? സമ്മർദ്ദങ്ങളെ എത്രമാത്രം ചെറുത്തുനിൽക്കാനാകും?**

ബ്യൂറോക്രസിയിലെ നിക്ഷ്പക്ഷതയെന്നുപറയുന്നത് ഒരു ഫയലിലെ ഗുണവും ദോഷവും പറയേണ്ടവരാണവർ. അതിന് മുഖം നോക്കരുത്. അതിന്റെ മറുവശമെന്തെന്നാൽ ജനാധിപത്യത്തിൽ ബ്യൂറോക്രസി പ്രതിപക്ഷമായി കളിക്കേണ്ട കാര്യമില്ല. എതിർപ്പുണ്ടെങ്കിൽ ഫയലിലാണ് അവർ എഴുതേണ്ടത്. എന്നാൽ സർക്കാർ ഫയലുകൾ പട്ടാപകൽ പ്രതിപക്ഷത്തെ കാണിക്കുന്നവർ ഇപ്പോഴുമുണ്ട്. ആ രീതി ശരിയല്ല. എന്റെ തന്നെ ഒരു അനുഭവം പറയാം. ഞാൻ ഫിനാൻസ് കമ്മിറ്റി സെക്രട്ടറിയായിരുന്നപ്പോൾ സബ്ജക്ട് കമ്മിറ്റി മീറ്റിംഗ് നടന്നു. മുഖ്യമന്ത്രിയായിരുന്ന കെ.കരുണാകരനായിരുന്നു അധ്യക്ഷൻ. ഇ.കെ നായനാർ പ്രതിക്ഷനേതാവും. ബജറ്റിന്റെ പ്രധാനപ്പെട്ടകാര്യം ചർച്ച ചെയ്യുന്നതിനാൽ നായനാരും പങ്കെടുത്തിരുന്നു. മീറ്റിംഗ് കഴിഞ്ഞപ്പോൾ എന്നോട് നായനാർ രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം തേടി. ഞാൻ





പറഞ്ഞുകൊടുത്തു. ഉടൻ മൂന്നാമത്തെ ചോദ്യം അദ്ദേഹം ചോദിച്ചു. "ഇതിന്റെ ഉത്തരം എനിക്ക് പ്രതിപക്ഷ നേതാവിന് നൽകാനാവില്ല. അങ്ങേയ്ക്ക് അതിനുള്ള മറുപടി ധനമന്ത്രിയിൽ നിന്ന് തേടാം"- ഞാൻ പറഞ്ഞു. "അങ്ങ് സത്യപ്രതിജ്ഞ ചെയ്ത് മുഖ്യമന്ത്രിയായി അധികാരമേറ്റെടുക്കുമ്പോൾ ചോദിച്ചാൽ കൃത്യമായി മറുപടി പറയാം". ഞാൻ നായനാരെ ശ്രദ്ധിച്ചു. അദ്ദേഹം എന്റെ മുഖത്തേക്ക് നോക്കി ചിരിച്ചു.

പിന്നീട് ഞാൻ പോർട്ട് ട്രസ്റ്റിലായിരുന്നപ്പോൾ ഇ.കെ. നായനാർ മുഖ്യമന്ത്രിയായി വന്നു. ഇക്കാര്യം മനസിൽ ഉള്ളതുകൊണ്ടാവണം അദ്ദേഹം പരസ്യമായി പറഞ്ഞു : 'ബാബുവിനെപോലുള്ളവർ നമുക്ക് വേണം.' കേന്ദ്രത്തിൽ ഡെപ്യൂട്ടേഷനായിരുന്ന എന്നെ ഇ.കെ നായനാർ സംസ്ഥാനത്തേക്ക് വിളിപ്പിച്ചു. അപ്പോൾ ഇതൊക്കെ അസാധ്യമായ ഒരു കാര്യമേയല്ല. അതുകൊണ്ട് പ്രശ്നങ്ങളുമുണ്ടായില്ല. ഒരു വിധപ്പെട്ട രാഷ്ട്രീയകാർക്കൊക്കെ കാര്യം മനസിലാവുകയും അവർ നമ്മെ ആദരിക്കുകയും ചെയ്യും.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ അങ്ങയുടെ വീക്ഷണമെന്ത്?**

ഉത്തരം : നാട്ടിൻപുറത്ത് കൂരവയ്ക്കണമെന്നുള്ളവർക്ക് മൂന്ന് സെന്റ് വേണമെന്ന ആഗ്രഹം പൂർത്തീകരിച്ചുകൊടുക്കുന്ന സർക്കാർ നയം കൊള്ളാം.

ഫ്യൂഡലിസത്തിന്റെയും മനുഷ്യനും മണ്ണുമായുള്ള ബന്ധത്തിന്റെ പഴയകാല അനുഭവത്തിന്റെയും തുടർച്ചയാണ് ഭൂരഹിതരില്ലാത്ത കേരളം എന്ന സങ്കല്പം. ഇന്നത്തെ നഗരവത്കൃത സമൂഹത്തിൽ ഒരു കിടപ്പാടത്തിന്, സ്ഥലത്തിന്, പ്രധാന്യം ഉണ്ടാകാം. പക്ഷേ, ഭൂമിക്ക്, കൃഷി ഭൂമിക്ക് അത്രതന്നെ പ്രധാന്യം ഇല്ല. കൃഷി ഭൂമിയോട് കർഷകർക്കുള്ള ബന്ധമല്ല അവർക്ക് സ്ഥലത്തോടുള്ളത്. അവർക്ക് തലയ്ക്ക് മുകളിൽ ഒരു കൂരവേണം; കാലിനടിയിൽ മണ്ണ് വേണമെന്ന നിർബന്ധം ഇല്ലെന്നു പറയുമ്പോൾ കാര്യം വ്യക്തമാകും.

കൃഷി അടിസ്ഥാന സമ്പ്രദായമായ വ്യവസ്ഥയിലേ ഭൂമിക്ക് പ്രധാന്യം കൈവരികയുള്ളൂ. ഭൂമിയുടെ സൗഭാഗ്യം ഉപയോഗിക്കുന്നവരാണ് കൃഷിക്കാർ. അവർ ഭൂമിയെയോ വ്യവസ്ഥിതിയെയോ നശിപ്പിക്കാറില്ല.

ഭൂരഹിതർ എന്നതിനെ ഫ്ളാറ്റ് സംസ്കാരത്തിൽ (Flat/apartment culture) നോക്കി കാണുക. ഫ്ളാറ്റിൽ താമസിക്കുന്നയാളുടെ ഉടമസ്ഥാവകാശത്തിലുള്ള ഭൂമിയെന്നത് ഫിക്ഷനാണ്; യഥാർത്ഥത്തിൽ അയാളും ഭൂരഹിതനാണെന്ന് പറയേണ്ടി വരും.

**എന്താണ് ജീവിതത്തെക്കുറിച്ച് അങ്ങയുടെ കാഴ്ചപ്പാട്?**

ഉത്തരം :ഷോപ്പനോവർ പറഞ്ഞിട്ടുണ്ട് "അനന്തതയിലെ അനാവശ്യമായ അസ്വസ്തതയാണ് ജീവിത"മെന്ന്. എനിക്ക് അത്രയും ഉറപ്പിച്ച് പറയാനാവില്ല. പിതാവും ഞാനും പലപ്രാവശ്യം ചർച്ച ചെയ്തിട്ടുള്ള കാര്യമുണ്ട്. എന്തുകൊണ്ട് മനുഷ്യർ സൃഷ്ടിക്കപ്പെട്ടു? നിയതമായ ഒരു ദൈർഘ്യമാണ് മനുഷ്യജീവന് ഭൂമിയിലുള്ളത്. അതിനോട് ആവശ്യത്തിൽ കൂടുതലുള്ള "അടുപ്പ്"മുണ്ടാവേണ്ടതില്ല. ഞാൻ കളക്ടറായിരുന്നപ്പോൾ ഇടുക്കി കരടിപ്പാറയിൽ അപകടമുണ്ടായി. എഴെട്ടുപേർ കൊല്ലപ്പെട്ടു. അവിടെ മരിച്ചുകിടക്കുന്ന ജഡത്തിന്റെ വാച്ച് പ്രവർത്തിച്ചുകൊണ്ടിരുന്നു. ഞാനവിടം സന്ദർശിച്ചപ്പോൾ ശ്രദ്ധിച്ച കാര്യമാണിത്. ഹൃദയം നിലച്ചു. വാച്ചിന്റേത് നിലച്ചിട്ടില്ല. അതായത് വാച്ച് ഓടിക്കൊണ്ടിരിക്കുമ്പോൾ ഞാനും ഓടികൊണ്ടേയിരിക്കണം എന്ന് പറയുന്നതിൽ അർത്ഥമില്ല.

ഒമ്പതുമാസം ഗർഭപാത്രത്തിൽ കിടന്നാണ് കുഞ്ഞ് ജനിക്കുന്നത്. ആ സമയം കഴിഞ്ഞ് പിറന്നില്ലെങ്കിൽ കുഞ്ഞിനും ദോഷം അമ്മയ്ക്കും ദോഷം. എല്ലാവർക്കും 80 വയസ്സാകുമ്പോഴാണ് മരണമെന്ന് വന്നാലോ? ജീവിത ദൈർഘ്യത്തിനായി അതുപോ

ലൊരു പരിപാടി ദൈവം വയ്ക്കാതിരിക്കുന്നത് വിവരമുള്ളതുകൊണ്ടാണ്. എപ്പോഴാണ് "വിളിയ്ക്കു"ന്നത് എന്ന് നമുക്ക് ഉറപ്പില്ല. എല്ലാവരും മരിക്കുമെന്നകാര്യത്തിൽ ആർക്കും സംശയമില്ല. എന്നാൽ താൻമാത്രം പെട്ടെന്ന് മരിക്കില്ല എന്ന ചിന്തയുണ്ടാകും അല്ലേ? മരിക്കാൻ തയ്യാറായിട്ടാണ് ഞാൻ ജീവിക്കുന്നത്. ഉറക്കത്തിൽ മരിക്കാനായാൽ മോക്ഷം നൽകണേ എന്നാണ് കിടക്കുമ്പോൾ പ്രാർത്ഥന. കാലത്ത് എഴുന്നേൽക്കുമ്പോൾ ചിരഞ്ജീവിയാണെന്ന തോന്നലാണുണ്ടാവുക. ചുരുക്കി പറഞ്ഞാൽ മരിക്കാൻ കൊതിയില്ല; എന്നാൽ മരിക്കാനായി ഭയവുമില്ല.

എന്താണ് ആഗ്രഹം എന്ന് ചോദിച്ചാൽ ഉത്തരമുണ്ട്. കിടന്നു മരിക്കാനിടയാകാതെ മരിച്ചു കിടക്കാനിടയാകണം. എനിയ്ക്ക് കൃത്രിമ ശ്വാസോഛ്വാസം നൽകരുത്. വെന്റിലേറ്ററിൽ ഇടരുത്. മരിച്ചാൽ 24 മണിക്കൂറിനുള്ളിൽ സംസ്കരിക്കണം. വിദേശത്താണ് മരണമെങ്കിൽ അവിടെനിന്ന് നാട്ടിലെത്തിക്കുന്നതിന് ചെലവ് കൂടുതലാണെങ്കിൽ അവിടെതന്നെ സംസ്കാരം നടത്തണം. സൈക്കിൾ ട്യൂബിൽ പൂക്കൾ വെച്ചുള്ള റീത്ത് പരിപാടി എനിക്കായി വേണ്ട. എന്റെ ശവസംസ്കാര ചടങ്ങിൽ സംബന്ധിക്കാനെത്തുന്ന വികാരിയച്ചൻ ശീലമനുസരിച്ച് ഇനി രണ്ട് വാക്ക് ശ്രീ.ബാബുപോൾ സംസാരിക്കും എന്ന് പറയാനിടയായാൽ ഇളിഭ്യനാകാതിരിക്കാനായി ഞാൻ ഒരു പ്രസംഗം തയ്യാറാക്കി റെക്കോർഡ് ചെയ്തു വച്ചിട്ടുണ്ട്. ആ പ്രസംഗം തുടങ്ങുന്നത് ഇങ്ങനെയാണ്. ""ഭയപ്പെടേണ്ട ഞാൻ ഇത് മരിക്കുന്നത് മുൻപ് റെക്കോർഡ് ചെയ്തതാണ്. വില കുറഞ്ഞ ശവപ്പെട്ടിയും ഞാൻ വാങ്ങി വച്ചിട്ടുണ്ട്. അഡ്വാൻസായി വാങ്ങിയ ശവപ്പെട്ടി വീട്ടിലെ കാവൽപ്പുരയിലാണ് സൂക്ഷിച്ചത്. സെക്യൂരിറ്റിക്കായി നിൽക്കുന്ന മാന്യദേഹത്തിന് ഇതിനാൽ ഉറക്കം നഷ്ടപ്പെടുമെന്നായപ്പോൾ അയാൾ എന്നോട് പറഞ്ഞു: "" സാർ, വില കുറഞ്ഞ ഒരു ശവപ്പെട്ടി ഞാൻ പിന്നീട് ഏർപ്പാട് ചെയ്യാമെന്ന് ഏൽക്കുന്നു. ഇത് ഇവിടെ നിന്ന് മാറ്റണം. എനിക്ക് ഉറങ്ങണം". അങ്ങനെ ആ പെട്ടി എനിയ്ക്ക് മറിച്ചു വിൽക്കേണ്ടി വന്നു!

സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഒരു ദിവസം കൂടി ജീവിക്കാമെങ്കിൽ ജീവിക്കാം. എങ്കിലും 70 വയസ് കഴിഞ്ഞ എന്നെ ചികിത്സിക്കേണ്ട കാര്യമില്ല. ജീവിതം കരുണാകരനെങ്കിൽ മരണം നായനാരാണ്. രണ്ടും മുഖ്യമന്ത്രി തന്നെ!

